"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ ആസ്തി വികസന പദ്ധതി (2019-20) - പള്ളിക്കുന്ന് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് ബസ് വാങ്ങിയ തുക അനുവദിച്ച് കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.7497/2023/GEDN  തീയതി,തിരുവനന്തപുരം, 25-11-2023

പരാമർശം:-
1. 14.12.2022 - ലെ സ.ഉ (സാധാ) നമ്പർ. 7979/2022/പൊ.വി.വ
2. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19.06.2023 - ലെ ജി4/4080/2020 നമ്പർ കത്ത്

**ഉത്തരവ്**

അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന പദ്ധതി പ്രകാരം പള്ളിക്കുന്ന് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് ബസ് വാങ്ങിയ തുകയായ 18,21,988/- (പതിനെട്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ടും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർ ശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ടി തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല.

(2) പ്രസ്തുത തുക അനുവദിച്ച് നല്കണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളിക്കുന്ന് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് ബസ് വാങ്ങിയ തുകയായ 18,21,988/- രൂപ (പതിനെട്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) നടപ്പ

സാമ്പത്തിക വർഷത്തിൽ ' 4202-01-800-84- Project under LAC- ADS other Projects (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം നൽകിയ ഭരണാനുമതി ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കണ്ണൂർ
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ് ), കേരളം , തിരുവനന്തപുരം
4.ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5.വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
6.ധനകാര്യ വകുപ്പ് ( 09.08.2023 — ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ E 2270521 NC-C3/136/2022 - FIN പ്രകാരം)
7.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
9.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 27-11-2023 13:07:57

സെക്ഷൻ ഓഫീസർ